# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :156 22.03.2012-ൽ മറുപടിയ്ക്ക്

## തദ്ദേശസ്വയംഭരണവകുപ്പിന്റെ വിഭജനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പ്രൊഫ.സി.രവീന്ദ്രനാഥ്:<br>ഡോ:ടി.എം.തോമസ് ഐസക്:<br>ശ്രീ.എം.ചന്ദ്രൻ:<br>ശ്രീ.കെ.കെ.നാരായണൻ: | ശ്രീ: ഉമ്മൻചണ്ടി<br>(ബഹു: മുഖ്യമന്ത്രി) |

(എ) തദ്ദേശസ്വയംഭരണവകുപ്പിനെ മൂന്നായി വിഭജിച്ചതുവഴി വകുപ്പിന്റെ ഏകീകൃതസ്വഭാവം നഷ്ടപ്പെട്ടതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; പദ്ധതി പ്രവർത്തനങ്ങളാകെ നിലയ്ക്കാ നിടയാക്കിയിട്ടുണ്ടോ; എങ്കിൽ വിഭജനത്തിന്റെ സാഹചര്യം എന്തായിരുന്നു;

(ബി) വകുപ്പ് മൂന്നായി വിഭജിച്ചതിനു ശേഷമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥിതി വിശേഷത്തിന്റെഅടിസ്ഥാനത്തിൽ പഴയ നില പുന സ്ഥാപിക്കാൻ തയ്യാറാകുമോ;

(എ & ബി) തദ്ദേശസ്വയംഭരണവകുപ്പിനെ വിഭജിച്ചിട്ടില്ല. ഗവൺമെന്റ് തലത്തിൽ ഒരു പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി എന്നിവർ അടങ്ങുന്ന ഏകവകുപ്പായാണ് ഇപ്പോഴും പ്രവർത്തിച്ചു വരുന്നത്. വിവിധ വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിനും, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ഒന്നിലധികം മന്ത്രിമാർക്ക് ഭരണച്ചുമതല നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട മന്ത്രിമാർക്ക് സെക്രട്ടറിമാർ ഫയലുകൾ സമർപ്പിച്ചു വരുന്നു. കൂടാതെ നിലവിലുള്ള പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം തുടങ്ങിയ വകുപ്പുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള വിഷ യങ്ങളിൽ ഏകോപനം ആവശ്യമായി വരുന്നപക്ഷം തീരുമാനം എടുക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മന്ത്രി മാരായ ശ്രീ.പി.കെ. കുഞ്ഞാലികുട്ടി, ശ്രീ.കെ.സി. ജോസഫ്, ശ്രീ.എം.കെ മുനീർ എന്നിവരുൾപ്പെടുന്ന ഒരു ഉപസമിതി രൂപീകരിച്ചിട്ടുമുണ്ട്. മാത്രമല്ല, ബന്ധപ്പെട്ട മൂന്ന് മന്ത്രിമാരും വിവിധ വകുപ്പു പ്രതിനിധികളുമടങ്ങിയ കോ-ഓർഡി നേഷൻകമ്മിറ്റി സംവിധാനവുമുണ്ട്. കോ-ഓർഡിനേഷൻ കമ്മിറ്റി മിക്കവാറും എല്ലാ ആഴ്ചയിലും കൂടുന്നുണ്ട്.

ഭരണനിർവ്വഹണത്തിന് ഈ നടപടികൾ തടസ്സമാകില്ല.

**Contd....2**

| | | | |
|---|---|---|---|
| (സി) | വിഭജിച്ചതിനുശേഷം വകുപ്പുകളുടെ ഏകോപനത്തിനായി രൂപീകരിച്ച മന്ത്രിസഭാ ഉപസമിതി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഇതിനകം എത്ര യോഗങ്ങൾ ചേരുകയുണ്ടായി; | (സി) | മന്ത്രിസഭാ ഉപസമിതി നിലവിലുണ്ട്. ചേരേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. |
| (ഡി) | വകുപ്പിന് പൊതുസർവ്വീസ് എന്ന ആശയം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | 02.04.2011-മുതൽ പ്രാബല്യത്തിൽ വരത്തക്ക രീതിയിൽ തദ്ദേശസ്വയം ഭരണ വകുപ്പിന് ഒരു പൊതുസർവ്വീസ് രൂപീകരിച്ചു കൊണ്ടും പൊതു സർവ്വീസിന് നിയമാനുസൃതമായി സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തി ക്കൊണ്ടും 26.02.2011-ലെ സ.ഉ.(കൈ)നം.61/2011/തസ്വഭവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുസർവ്വീസ് നടപ്പിലാക്കുന്നതു സംബന്ധിച്ചുണ്ടാകാവുന്ന പ്രായോഗികബുദ്ധിമുട്ടുകൾ, സർവ്വീസ് പ്രശ്നങ്ങൾ എന്നിവ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ